## കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2020-21 - പെരുവന്താനം ഗ്രാമ പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷം പൊതു ആവശ്യ ഫണ്ടിന്റെ 10 മുതൽ 12 വരെയുള്ള ഗഡുക്കളായി അനുവദിച്ചതും റവന്യൂ കളക്ഷൻ ഇൻസെന്റീവ് ബോണസ് തുക അനുവദിച്ചതിന് ശേഷമുള്ള ബാക്കി തുകയായി അനുവദിച്ചതും ട്രാസ്റ്റർ ക്രഡിറ്റ് ചെയ്യാൻ കഴിയാതിരുന്നതുമായ തുക പുനഃരനുവദിച്ച് ഉത്തരവാകുന്നു.

---

## ധനകാര്യ (എസ്.എഫ്. സി സെൽ - എ) വകുപ്പ്

സ.ഉ.(സാധാ) നം.4974/2020/ധന തീയതി, തിരുവനന്തപുരം., 26 ആഗസ്റ്റ് 2020

---

പരാമർശം. 1) പെരുവന്താനം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 02/06/2020 ലെ കത്ത്.
2) ട്രഷറി ഡയറക്ടറുടെ 05/08/2020-ലെ TRY/1743/2020-E2 നമ്പർ കത്ത്.

## ഉത്തരവ്

2018-19 സാമ്പത്തിക വർഷം പെരുവന്താനം ഗ്രാമപഞ്ചായത്തിന് അനുവദിച്ച പൊതുആവശ്യ ഫണ്ടിന്റെ 10 മുതൽ 12 വരെയുള്ള ഗഡുക്കൾ തുകയും റവന്യൂ കളക്ഷൻ ഇൻസെന്റീവ് ബോണസ് തുക അനുവദിച്ചതിന് ശേഷമുള്ള ബാക്കി തുകയും ചേർത്ത് മൊത്തം 20,48,998/- രൂപ ട്രഷറി ക്യൂവിലാകുകയും ടി ബില്ലുകൾ പാസ്സാക്കാതെ തിരികെ നൽകുകയും ചെയ്തുവെന്നും തനത് വരുമാനം കുറഞ്ഞ പഞ്ചായത്തായതിനാൽ ടി തുകകൾ പുനഃരനുവദിക്കണമെന്ന അപേക്ഷ പരാമർശം (1) പ്രകാരം പെരുവന്താനം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

2) പെരുവന്താനം ഗ്രാമ പഞ്ചായത്ത് 2018-19 വർഷത്തെ പൊതു ആവശ്യ ഫണ്ടിനത്തിൽ ട്രഷറിയിൽ സമർപ്പിച്ചിരുന്ന പ്രസ്തുത ബില്ലുകൾ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിരുന്നതാണെന്നും എന്നാൽ 2019-20 സാമ്പത്തിക വർഷം പ്രീ ഓതറൈസേഷൻ സ്ലിപ്പ് ജനറേറ്റ് ചെയ്യാതെ ക്യൂവിലിട്ട പഴയ ബില്ലുകൾ തന്നെയാണ് വീണ്ടും ട്രഷറിയിൽ സമർപ്പിച്ചതെന്നും അങ്ങനെയുള്ള ബില്ലുകൾ പാസ്സാക്കി നൽകാൻ കഴിയാത്തതിനാൽ മടക്കി നൽകുകയും ചെയ്തുവെന്നും പിന്നീട് പ്രസ്തുത ബില്ലുകൾ നാളിതുവരെ ട്രഷറിയിൽ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ടി തുക മാറി

നൽകിയിട്ടില്ലായെന്നുമാണ് പരാമർശം (2) പ്രകാരം ട്രഷറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പെരുവന്താനം ഗ്രാമപഞ്ചായത്തിന് 2018-19 സാമ്പത്തിക വർഷം പൊതു ആവശ്യ ഫണ്ടിൽ അനുവദിച്ചതും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ കഴിയാതിരുന്നതുമായ മൊത്തം തുകയായ **20,48,998/- രൂപ (ഇരുപത് ലക്ഷത്തി നാല്പത്തി എണ്ണായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി എട്ട് രൂപ മാത്രം)** 2020-21 സാമ്പത്തിക വർഷത്തെ പൊതു ആവശ്യ ഫണ്ടിന്റെ '3604-00-200-88-(05)-NP' എന്ന കണക്ക് ശീർഷകത്തിൽ നിന്നും പെരുവന്താനം ഗ്രാമപഞ്ചായത്തിന് (G060801) പുനഃരനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ ബി**
**ധനകാര്യ ഡെപ്യൂട്ടി സെക്രട്ടറി**

സ്വീകർത്താവ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
സെക്രട്ടറി, പെരുവന്താനം ഗ്രാമ പഞ്ചായത്ത്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്തു വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ല്യൂ-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-1516117)

പുറപ്പെട്ടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ.